# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 09/2022
# 10.12.2022 എ.കെ.ജി.സി.ടി. ഭവൻ

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാറിപ്പോർട്ട്
4. പ്രവർത്തക ക്യാമ്പ് അവലോകനം- കണക്ക് അവതരിപ്പിക്കൽ
5. സമ്മേളനങ്ങൾ
6. വിവിധ സബ് കമ്മറ്റികൾ
7. കരിക്കുലം പരിഷ്കരണം
8. ആവശ്യമായ മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. പി. പി. പ്രകാശൻ, ഡോ. മുഹമ്മദ് റഫീഖ് ടി., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ഡോ. പ്രിൻസ് പി. ആർ., ഡോ. ആർ. പ്രഗാഷ്., ഡോ. സുമി ജോയി ഓലിയപുറം, ഡോ. സഞ്ജയ് കുമാർ എസ്., ഡോ. വിഷ്ണു വി. എസ്., ഡോ. ടി. എ. ആനന്ദ്, ഡോ. സെനോ ജോസ്, ഡോ.ആനന്ദ് ദിലീപ് രാജ്,ഡോ.കെ. മാണിക്യരാജ് കെ., ഡോ. റിജുലാൽ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. പ്രദീപ് കുമാർ കെ., ഡോ. രഞ്ജിത് മോഹൻ പി., ഡോ. സുജ ടി. വി., അനൂപ് ജെ ആലക്കപ്പള്ളി, ആൽബർട്ട് ആന്റണി ടി., രജിത സി. ആർ., സോബിൻ വർഗീസ് എം. വി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി., എം.സി രാജു, സജിത്കുമാർ പി, ഡോ. ഷജിലാ ബീവി, സൗമ്യ.എസ്, ഡോ. ജോജോമോൻ.എൻ.എ.

രാവിലെ 10ന് എ.കെ.ജി.സി.ടി ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. പി. പി. പ്രകാശൻ ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ്.ടി റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് സന്തോഷ് ടി. വർഗ്ഗീസ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

ലോകപ്രശസ്ത ഫ്രഞ്ച് എഴുത്തുകാരൻ ഡോമനിക് ലാപിയർ, പ്രശസ്ത ചലച്ചിത്ര താരം കൊച്ചുപ്രേമൻ, മാവോയിസ്റ്റ് ആക്രമണത്തിൽ മരണമടഞ്ഞ മലയാളി ജവാൻ അബ്ദുൾ ഹക്കിം, എഴുത്തുകാരനും കേരള ചലച്ചിത്ര അക്കാദമി അംഗവുമായസതീഷ് ബാബു പയ്യന്നൂർ എന്നിവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

2022 നവംബർ 29, 30 തീയ്യതികളിൽ നടന്ന കരിക്കുലം വർക്ക്ഷോപ്പിൽ അവതരിപ്പിച്ച കരട് റിപ്പോർട്ട് ഇന്ന് വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്. സംഘടനയുടെ സംസ്ഥാനപ്രവർത്തകക്യാമ്പ് മികച്ച രീതിയിൽ നടത്താൻ സാധിച്ചു. ഇന്ന് കൃത്യമായ വിലയിരുത്തൽ ഉണ്ടാവണം. എത്രയും വേഗം പ്രിൻസിപ്പൽ

നിയമനം നടത്താൻ വേണ്ട ഇടപെടൽ നടന്നുവരുന്നു. കോളേജ് ജേർണൽ വിഷയത്തിൽ എത്രയും വേഗം അനുകൂല തീരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രൊഫസർമാരുടെ ഉത്തരവ് എത്രയും വേഗം പുറത്തിറക്കാം എന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആർ.സി./ ഓ.സി. കോഴ്സുകൾ സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസവകുപ്പ് ഇറക്കിയ ഉത്തരവിൽ കോളേജ് വിദ്യാഭ്യാസവകുപ്പ് മുൻകാല പ്രാബല്യം സംബന്ധിച്ച് വ്യക്തത ആവശ്യപ്പെട്ടിരിക്കുകയാണ്. ബി. ഓപ്ഷനിൽ അപേക്ഷ നൽകിയ അധ്യാപകരുടെ പ്ലെയിസ്മെൻറ് ഉത്തരവ് എത്രയും വേഗം ഇറക്കാൻ വേണ്ട ഇടപെടൽ നടത്തിവരുന്നു. പ്ലെയിസ്മെന്റുമായി ബന്ധപ്പെട്ട് എ.ജി.പി. 6000-7000, 7000-8000 ഉത്തരവ് ഏതാനും ദിവസങ്ങൾക്കകം ഇറങ്ങുന്നതാണ്. ഈ ഉത്തരവ് ഇറങ്ങിയാലുടൻ അസോസിയേറ്റ് പ്രൊഫസർ ഉൾപ്പെടെയുള്ള പ്ലെയിസ്മെന്റിനുള്ള പുതിയ സർക്കുലർ ഇറങ്ങുന്നതാണ്.

സംഗീത കോളേജ് അധ്യാപകരുടെ യു.ജി.സി. വിഷയത്തിൽ ധനകാര്യ വകുപ്പ് കോളേജുകളോട് സാമ്പത്തിക ബാധ്യത സംബന്ധിച്ച വിവരം ചോദിച്ചിരിക്കുകയാണ്. അറബിക് അധ്യാപകരുടെ സർവീസ് സംബന്ധമായ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പൊതുസ്ഥലം മാറ്റ മാനദണ്ഡ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് സംഘടനയുമായി വിശദമായ ചർച്ച നടത്തണം എന്നാവശ്യപ്പെട്ടിരിക്കുകയാണ്. ഡി.എ വിഷയത്തിൽ ധനകാര്യ വകുപ്പിൽ വീണ്ടും ഇടപെടൽ നടത്തിവരുന്നു. ഏഴാം ശമ്പള പരിഷ്കരണത്തിന്റെ കേന്ദ്ര കുടിശിക അനുവദിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. ഡൽഹിയിൽ യു.ജി.സി ഓഫീസിനു മുമ്പിൽ നവംബർ 16-18 തീയ്യതികളിൽ നടന്ന ധർണ്ണയിൽ സംഘടനയെ പ്രതിനിധീകരിച്ച് 20 പേർ പങ്കെടുത്തു. കേരളത്തിൽ നിന്ന് ആകെ 50 പേർ പങ്കെടുത്തു. പ്രക്ഷോഭം മികച്ചതായിരുന്നു. ഐഫെക്ടോ അക്കാദമിക്ക് കോൺഫറൻസ് 2023 മാർച്ച് 17-19 തീയ്യതികളിൽ ഹരിയാനയിൽ വെച്ച് നടക്കും, പങ്കാളിത്തം സംബന്ധിച്ച കാര്യങ്ങൾ പിന്നീട് തീരുമാനിക്കും. 2023 വർഷത്തെ കലണ്ടർ എത്തിയിട്ടുണ്ട് എത്രയും വേഗം യൂണിറ്റുകളിലേക്ക് അയക്കുന്നതാണ്. സംഘടനുടെ സമ്മേളന കാര്യങ്ങൾ അലോചിക്കേണ്ടതുണ്ട്.

ജനറൽസെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും മറ്റു വിഷയങ്ങളിലും സംസ്ഥാനപ്രവർത്തകസമിതിഅംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. സംസ്ഥാന സമ്മേളനത്തിനോടനുബന്ധിച്ച് സംഘശബ്ദം സാഹിത്യമത്സരം നടത്തുവാൻ തീരുമാനിച്ചു.
2. സംസ്ഥാന പ്രവർത്തകക്യാമ്പ് വളരെ മികവുറ്റതായിരുന്നു എന്ന് സമിതി വിലയിരുത്തി. ക്യാമ്പ് ഡയറക്ടർ സോബിൻ വർഗ്ഗീസ് അവതരിപ്പിച്ച വരവ് ചിലവ് കണക്ക് അംഗീകരിച്ചു.
3. യൂണിറ്റ് സമ്മേളനം ജനുവരി മാസത്തിലും, ജില്ലാ സമ്മേളനങ്ങൾ ഫെബ്രുവരിയിലും നടത്താൻ തീരുമാനിച്ചു. സംസ്ഥാന സമ്മേളനം മാർച്ചിൽ നടത്താനും തീരുമാനിച്ചു.
4. കരിക്കുലം പരിഷ്കരണവുമായി ബന്ധപ്പെട്ട് സംഘടന മേഖലാ തലത്തിൽ ചർച്ച നടത്തി സർക്കാരിന് വിശദമായ റിപ്പോർട്ട് നൽകും.

5. സംഘടനയുടെ വെബ്സൈറ്റ് എത്രയും വേഗം അപ്ഡേറ്റ് ചെയ്യാൻ തീരുമാനിച്ചു.
6. ഡോ. മാത്യൂസ്. ജെ. മെമ്മോറിയൽ ചെസ് ടൂർണ്ണമെൻറിൽ യൂണിറ്റ്കളുടെ പരമാവധി പങ്കാളിത്തം ഉറപ്പിക്കാൻ തീരുമാനിച്ചു.
7. പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ് വിഷയത്തിൽ സർക്കാരിന് വീണ്ടും കത്ത് നൽകും.
8. പറവൂർ സർക്കാർകോളേജ് വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തും.
9. കോളേജ് അധ്യാപകർക്ക് ലഭിക്കേണ്ട ഡി.എ. ലഭ്യമാക്കുന്നതിന് വീണ്ടും ആവശ്യമായ ഇടപെടൽ നടത്തും.
10. അറബിക് അധ്യാപകരുടെ സർവീസ് വിഷയത്തിലും, മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി വിഷയത്തിലും വേണ്ട ഇടപെടൽ നടത്തുന്നതാണ്.
11. പ്രിൻസിപ്പൽ നിയമനം, പ്രൊഫസർഷിപ്പ്, പ്ലെയിസ്മെന്റ് വിഷയങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

യോഗം വൈകിട്ട് 4 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
10-12-2022

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി